Circular Letter No/GR/66/2026

ഈശോയിൽ സ്നേഹം നിറഞ്ഞ വൈദികരേ, സന്യസ്തരെ, ദൈവജനമേ...
നമ്മുടെ കർത്താവായ ഈശോ മിശിഹായുടെ കൃപയും, പിതാവായ ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

ഏപ്രിൽ മാസം ദൈവവിളിയുടെ മാസമായി സഭ ആചരിക്കുന്നു. ഈശോയുടെ പീഡാനുഭവവും കുരിശു മരണവും ഉത്ഥാനവും ആഘോഷിക്കുന്ന ഈ മാസത്തിൽ, പെസഹാ വിരുന്നിനിടെ അവിടുന്ന് സ്ഥാപിച്ച പൗരോഹിത്യത്തെ അനുസ്മരിക്കുന്നതോടൊപ്പം, അതിനായുള്ള വിളിയുടെ മാസമായും ഈ മാസത്തെ നാം ആചരിക്കുന്നു. പിതാവിന്റെ മുന്തിരിത്തോപ്പിൽ ഈശോയൊടൊപ്പം ചേർന്ന് പ്രവർത്തിക്കാൻ ആവശ്യമായ വേലക്കാരെ നൽകണമേ എന്ന് കർത്താവിനോട് പ്രാർത്ഥിക്കേണ്ട മാസം കൂടെയും ആണല്ലോ ഇത്.

"അതിനാല്, ഏലി സാമുവലിനോടു പറഞ്ഞു: പോയിക്കിടന്നുകൊള്ളുക. ഇനി നിന്നെ വിളിച്ചാല്, കര്ത്താവേ, അരുളിച്ചെയ്താലും, അങ്ങയുടെ ദാസന് ഇതാ ശ്രവിക്കുന്നു എന്നുപറയണം. സാമുവല് പോയി കിടന്നു". (1 സാമുവല് 3 : 9) ദൈവത്തിന്റെ സ്വരം ശ്രവിക്കാനും അതിന് മറുപടി നൽകാനും സാമുവേലിനെ പഠിപ്പിച്ച ഏലിയെപ്പോലെ നമ്മുടെ മക്കളെയും ദൈവത്തിന്റെ സ്വരം ശ്രവിക്കാന് നാം പഠിപ്പിക്കണം. അതിനായി നാം പ്രധാനമായും ചെയ്യേണ്ടത് സാമുവേലിന്റെ മാതാവ് ചെയ്ത മഹത്തായ കാര്യമാണ്.
"ആകയാല്, ഞാന് അവനെ കര്ത്താവിനു സമര്പ്പിച്ചിരിക്കുന്നു. ആജീവനാന്തം അവന് കര്ത്താവിനുള്ളവനായിരിക്കും. അവര് കര്ത്താവിനെ ആരാധിച്ചു".
(1 സാമുവല് 1 : 28) അന്നയെപ്പോലെ നമ്മുടെ മക്കളെയും ദൈവത്തിന് സമർപ്പിക്കപ്പെട്ടവരായി വളർത്താൻ നമുക്ക് ഉറച്ച തീരുമാനമെടുക്കാം. അങ്ങനെ ഈശോയുടെ ശിഷ്യന്മാരായി അനേകം പേർ നമ്മുടെ ഇടയില് നിന്നും ഉയർന്നുവരട്ടെ.

ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിനായി രൂപത സ്വീകരിക്കുന്ന എല്ലാ ശ്രമങ്ങൾക്കും പൂർണ്ണ സഹകരണം നൽകാൻ നമുക്ക് മുന്നോട്ടുവരാം. ദൈവവിളി വാര പ്രാർത്ഥനകൾ ചൊല്ലുകയും ദൈവവിളി ക്യാമ്പുകളിലേക്ക് നമ്മുടെ കുട്ടികളെ അയക്കുകയും ചെയ്യാം. ദൈവവിളിയിൽ താൽപ്പര്യം കാണിക്കുന്ന കുട്ടികളെ നമുക്ക് പ്രോത്സാഹിപ്പിക്കാം.

ദൈവവിളി മാസം ഏപ്രിൽ 5-ന് ഉയിർപ്പ് ഞായർ തിരുക്കർമ്മങ്ങൾക്ക് ശേഷം തിരി കൊളുത്തി ആരംഭിക്കുന്നതാണ്. അതിനാൽ, ഓരോ ദിവസവും വിശുദ്ധ കുർബാനയ്ക്ക് ശേഷം ദൈവവിളിക്കായുള്ള പ്രാർത്ഥന ചൊല്ലണമെന്ന് നിങ്ങളോട് അഭ്യർത്ഥിക്കുന്നു. ഇതിന്റെ ഭാഗമായുള്ള 'വന്നു കാണുക' (Come and See) ഒരുക്ക പരിപാടികൾ ഏപ്രിൽ 17, 18 തീയതികളിൽ നടത്തപെടും.ഈ പരിപാടിയിലേക്ക് 9 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന ആൺകുട്ടികളെ അയക്കണമെന്ന് ഓർമിപ്പിക്കുന്നു. കൂടാതെ, മെയ് 5 മുതൽ 8 വരെ നടക്കുന്ന ദൈവവിളി ക്യാമ്പിലേക്ക് താല്പര്യമുള്ള എല്ലാ കുട്ടികളെയും അയക്കണമെന്നും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ഈ വിശുദ്ധവാരം തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ നമ്മുടെ ദൈവശാസ്ത്ര വിദ്യാർത്ഥികൾ തങ്ങളുടെ ചെറുപട്ടങ്ങൾ (Minor Orders) സ്വീകരിക്കുകയാണ്. വാറുതട്ട് ഇടവകാംഗമായ ബ്രദർ ഡിവിൻ രാജ് ഈ വർഷം തിരുപ്പട്ടത്തിന്റെ ആദ്യപടിയായ ഡീക്കൻ പദവിയിലേക്ക് ഉയർത്തപ്പെടുന്നു.

കൂടാതെ, ഈ വർഷത്തെ ഈസ്റ്റർ പെരുന്നാളിന് തൊട്ടുപിന്നാലെ നമ്മുടെ മൂന്ന് ഡീക്കന്മാരായ ഡീക്കൻ ബിബിൻ കെ.ജെ, ഡീക്കൻ ബിബിൻ വേട്ടകോണം, ഡീക്കൻ ടോണി മാത്യു കല്ലമ്പറമ്പിൽ എന്നിവർ തക്കല രൂപതയ്ക്കുവേണ്ടി വൈദികരായി അഭിഷിക്തരാഹാൻ ഒരുങ്ങുകയാണ്. പൗരോഹിത്യം സ്വീകരിക്കുന്ന ഇവർക്കായി വരും ദിനങ്ങളിൽ നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.
നിലവിൽ നമ്മുടെ രൂപതയുടെ മൈനർ സെമിനാരിയിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം വളരെ കുറവാണ്. അതിനാൽ, കർത്താവിന്റെ ശുശ്രൂഷയ്ക്കായി നമ്മുടെ മക്കളെ പ്രോത്സാഹിപ്പിക്കേണ്ടത് നാമൊരോരുത്തരുടെയും കടമയാണെന്ന ബോധ്യത്തോടെ അവർക്കായി പ്രാർത്ഥിക്കണമെന്നും, വരാനിരിക്കുന്ന 'ദൈവവിളി ക്യാമ്പുകളിൽ' (Vocation Camp) പങ്കെടുക്കാൻ അവരെ പ്രോത്സാഹിപ്പിക്കണമെന്ന് നിങ്ങളോട് വിനീതമായി അപേക്ഷിക്കുന്നു.

നമ്മുടെ ഇടവകകളിൽ നിന്ന് കൂടുതൽ ദൈവവിളികൾ (ദൈവസേവനത്തിനായി സമർപ്പിതർ) ഉണ്ടാകുന്നതിനായി നമുക്ക് ഓരോരുത്തർക്കും പ്രാർത്ഥിക്കാം. അതിനായി പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം നമുക്ക് അപേക്ഷിക്കാം. ദൈവം നിങ്ങളെ ഓരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

Bishops House
27– 03 - 2026

ഈശോമിശിഹായിൽ സ്നേഹപൂർവ്വം

മാർ ജോർജ് രാജേന്ദ്രൻ
തക്കല രൂപതയുടെ മെത്രാൻ

NB: ഈ ഇടയ ലേഖനം 2026 മാർച്ച് 29 ഞായറാഴ്ച രൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനക്കു ശേഷം വായിക്കണം.